മിസ്റ്റർ കെ. പി. വള്ളോൻ: ഗവമ്മെണ്ടിനു് അടുത്തുതന്നെ ഇതു നടപ്പിൽ വരുത്തുവാൻ ഒരുമ്പെടുകയാണെന്നാണു് അറിയേണ്ടതു്.

Mr. V. K. Aravindaksha Menon *(Chief Engineer):* We shall make every endeavour to see that the coolies are paid properly by the contractors during our inspections as we do now.

മിസ്റ്റർ കെ. പി. വള്ളോൻ: സാധാരണ ഗവമ്മെണ്ടിനു എപ്പോഴും കണ്ടാക്ടർമാരെ സഹായിക്കണമെന്ന മനഃസ്ഥിതി മാത്രമാണു് കണ്ടുവരാറുള്ളതു്. അതു് ഗവമ്മെണ്ടു് ചെയ്യേണ്ടതാണെന്നു എനിക്കും അറിയാം. പക്ഷെ ഈ രാജ്യത്തെ സാധുക്കളായ ജനങ്ങൾക്കു, കഞ്ഞി കുടിക്കുവാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്ന ആളുകൾക്കു്, എന്തെങ്കിലും ഒരു പരിഹാരമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കേണ്ട ചുമതലയും ഗവമ്മെണ്ടിനുള്ളതാണു്. അതിനു ഗവമ്മെണ്ടിനു നിവൃത്തിയില്ല എന്നു പറയുന്നതിന്റെ അർത്ഥം സാധുക്കൾ കഷ്ടപ്പെടട്ടെ എന്നുള്ളതല്ലെ? ഗവമ്മെണ്ടുദ്യോഗം ഉള്ള ആളുകൾക്കു അവസാനം പെൻഷൻ കിട്ടുന്നുണ്ടു്. മണ്ണിന്റെ ദിവസവും എളുപ്പില്ലാതെ സൂക്ഷ്മോദയം മുതൽ അസ്തമിക്കുന്നതുവരെ പണിയെടുക്കുന്ന തൊഴിലാളികൾക്കു് അവസാനം കിട്ടുന്ന കൂലി പട്ടിണിമാത്രമാണു്. അവർക്കു കഞ്ഞികുടിക്കുന്നതിനുള്ള ഒരു മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കണമെന്നു മാത്രമെ ഞാൻ പറയുന്നുള്ളു. അവരെ പണക്കാരാക്കണമെന്നോ മുതലാളികളേക്കാൾ വലിയ മുതലാളിയാക്കണമെന്നോ അല്ല ഞാൻ പറയുന്നതു്. ഗവമ്മെണ്ടു് ഒന്നു മനസ്സിരുത്തിയാൽ മാത്രം മതിയാവുന്ന ഒരു കാര്യമാണു് ഇതു്. ഇപ്പോൾ രണ്ടണയും മൂന്നണയുമാണു് ഒരാൾക്കു കൂലി കൊടുക്കുന്നതു്. അതിനൊരു ഭേദഗതിയുണ്ടാക്കിയില്ലെങ്കിൽ ഇതു ഗവമ്മെണ്ടു് സാധുക്കളുടെപേരിൽ ചെയ്യുന്ന ഒരനീതിയെന്നു മാത്രമെ ഞാൻ വിചാരിക്കുന്നുള്ളു. ഗവമ്മെണ്ടു് ഇതു അംഗീകരിക്കുവാൻ സാധിക്കയില്ല എന്നു പറഞ്ഞതുകൊണ്ടു് ഞാൻ ഇതു് പ്രസംചെയ്യുന്നു. എല്ലാ മെമ്പർമാരും സാധുക്കളുടെ രക്ഷക്കുവേണ്ടിയുള്ള ഈ പ്രമേയത്തെ അനുകൂലിച്ചു വോട്ടു ചെയ്യണമെന്നു അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

Resolution put to vote and carried

3. Creation of a separate Labour Department for effective administration of labour laws

മിസ്റ്റർ വി. കെ. കുട്ടി: സർ, "തൊഴിലാളി നിയമങ്ങളുടെ ശരിയായ നടത്തിപ്പിനും, തൊഴിൽ തർക്കങ്ങളെ ഉടനടി വിജയകരമായവിധം മദ്ധ്യസ്ഥതയിൽ കലാശിപ്പിക്കുന്നതിനും, തൊഴിലാളികളുടെ അവശതകളേയും ആവലാതികളേയും യഥാവസരം അന്വേഷിച്ചു് അവയ്ക്കു് തീരുമാനം കല്പിക്കുന്നതിനുമായി ഒരു ലേബർ ഡിപ്പാർട്ടുമെണ്ടു് ഉടനെ തുറക്കണമെന്നും ഒരു ഫുൾ ടൈം ലേബർ ഉദ്യോഗസ്ഥനെ നിയമിക്കണമെന്നും മഹാരാജാവു തിരുമനസ്സിലെ ഗവമ്മെണ്ടിനോടു് ഈ സഭ ശുപാർശചെയ്യുന്നു" ഇതാണു് എന്റെ പ്രമേയം.

ഈ രാജ്യത്തെ തൊഴിലാളികളുടെ തൊഴിലുകളെ നിയന്ത്രിക്കുന്നതിനും അവരുടെ കൂലികളെ ക്രിപ്പപ്പെടുത്തുന്നതിനും മറ്റും എത്രയെല്ലാം പരിശ്രമങ്ങൾ തന്നെ ഉണ്ടായിരുന്നാലും അവകളെ ശരിയായ വിധത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതിയും അത്യാവശ്യമായിട്ടുള്ളതാണു്. കൊച്ചി രാജ്യത്തു്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നു് ബ്രിട്ടീഷിൻഡ്യയിൽ നടപ്പിലുള്ള തൊഴിലാളി നിയമങ്ങളും അധികവും നടപ്പിൽ വരുത്തീട്ടുണ്ടു്. ബാംബെ സംസ്ഥാനം ഒഴിച്ചാൽ ബ്രിട്ടീഷിൻഡ്യയിലെ തൊഴിലാളികളെ സംബന്ധിക്കുന്ന എല്ലാ നിയമങ്ങളും ഇവിടെ നടപ്പിൽ വരുത്തീട്ടുണ്ടു്. എന്നാൽ ആ നിയമങ്ങൾ ധാരാളമായി പ്രവൃത്തിയിൽ കൊണ്ടുവന്നിട്ടുള്ള ബ്രിട്ടീഷിൽ അതു് ഏതു വിധത്തിലാണു് നിയന്ത്രിച്ചുകൊണ്ടു പോകുന്നതെന്നു നോക്കുന്നതായാൽ കാണാം അവിടെ ഓരോ കമ്മീഷണർമാരുടെ മേൽനോട്ടത്തിലാണു് നടത്തിക്കൊണ്ടിരിക്കുന്നതെന്നു്. ബ്രിട്ടീഷിൽ എന്നല്ല തൊഴിലാളി നിയമങ്ങൾ നടപ്പിലുള്ള എല്ലാ ദേശങ്ങളിലും ലേബർ ഡിപ്പാർട്ടുമെണ്ടും ലേബർ കമ്മീഷണർമാരും ഉണ്ടു്. അതിന്റെ ഉദ്ദേശം കേവലം ഒരു ഡിപ്പാർട്ടുമെണ്ടു് സൃഷ്ടിച്ചു് ഏതാനും പേക്കു് ഉദ്യോഗം ഉണ്ടാക്കിക്കൊടുക്കുവാനുള്ളതല്ല. ഏതൊരുദ്ദേശത്തോടുകൂടി ആ നിയമം നടപ്പിൽ വരുത്തിയിരിക്കുന്നുവോ ആ ഉദ്ദേശത്തിന്റെ വിജയത്തെ മുൻനിറുത്തികൊണ്ടാണു് പ്രസ്തുത ഡിപ്പാർട്ടുമെണ്ടു് സൃഷ്ടിച്ചിട്ടുള്ളതു്. വാസ്തവത്തിൽ ഇന്നു നടപ്പിലിരിക്കുന്ന ഡിപ്പാർട്ടുമെണ്ടുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണു് ലേബർ ഡിപ്പാർട്ടുമെണ്ടു് എന്നു സമ്മതിക്കാതെ നിവൃത്തിയില്ല. നാട്ടിന്റെ നട്ടെല്ലായിരിക്കുന്ന നമ്മുടെ ധനം തൊഴിലാളികളാണു്. അവരുടെ സംരക്ഷണത്തിനാവശ്യമുള്ള പരിരക്ഷകൾ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. ഇവിടെ തൊഴിലാളി നിയമം നടപ്പിൽ വന്നതിൻറ്റശേഷം എത്രയുംപുപ്പകളായിട്ടാണു് അതു പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നതെന്നു മനസ്സിലാക്കുന്ന ഏതൊരാളും ഇവിടെ ഒരു ലേബർ ഡിപ്പാർട്ടുമെണ്ടു് വേണമെന്നു് പറയാതിരിക്കുന്നതല്ല. ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു്, ബൊയിലർ ഇൻസ്പെക്ടർ, ഇൻറ്റസ്ടിയൽ ഡയറക്ടർ എന്നിവരുടെ കീഴിലാണു് ഇവിടെ ഈ നിയമങ്ങൾ നടപ്പിൽ വരുത്തീട്ടുള്ളതു്. വക്കമെൻസു് കോമ്പൻസേഷൻ ആക്ടു് ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിന്റെ കീഴിലാണു്. ആ ആക്ടിലെ താല്പര്യങ്ങൾ അനുസരിച്ചു പ്രവൃത്തിക്കുവാൻ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിനു് എത്രമാത്രം സൌകര്യപ്പെട്ടുമെന്നുള്ളതു് മനസ്സിലാക്കുവാൻ പ്രയാസമില്ല. തൊഴിലാളി കാര്യങ്ങളെ സംബന്ധിച്ചുണ്ടാകുന്ന മിക്ക ഹർജികളും പത്രപ്രസ്ഥാവനകളും ഇപ്പോൾ അന്വേഷിച്ചുവരുന്നതു പോലീസു് ഡിപ്പാർട്ടുമെണ്ടു വഴിയാണു്. അതു പോലീസു് കമ്മീഷണരൊ ഡെപ്യൂട്ടി കമ്മീഷണരൊ അല്ല. അതിനു സാധ്യവുമല്ല. അതാതു സ്ഥലത്തുള്ള ഇൻസ്പെക്ടർമാരും "ഫെഡു" കാൺസ്റ്റബിൾമാരും അന്വേഷിക്കുന്നു. വലിയ വലിയ കമ്പനികളെ സംബന്ധിക്കുന്ന ആക്ഷേപങ്ങളെപ്പറ്റി ഒരു "ഫെഡു" കാൺസ്റ്റബിൾ അന്വേഷിക്കുന്നതായാൽ അതിന്റെ ഫലം എന്തായിരിക്കുമെന്നു് ഒരു നിരൂപണം കൂടാതെ മനസ്സിലാക്കാവുന്നതാണു്. ഈ അന്വേഷണപരിധിയിൽ വക്കമെൻസു് കോമ്പൻസേഷൻ ആക്ടിൽ വിവരിക്കുന്ന സംഗതികളുംകൂടി ഉൾപ്പെടുന്നതായി വരുന്നതായാൽ നിശ്ചയമായും ആ കമ്പനിയുടെ താല്പര്യത്തിനെതിരായ ഒരു തെളിവു കമ്പനിയിൽനിന്നും രേഖരിക്കുവാൻ കഴിയുന്നതല്ല. കമ്പനിക്കു് എതിരായി അവരുടെ മുമ്പിൽവച്ചു് തെളിവു കൊടുക്കുവാൻ ധൈര്യപ്പെടുന്ന ഒരു ഒറ്റതൊഴിലാളിയെയെങ്കിലും ലഭിക്കുന്നതല്ല. അഥവാ വല്ലവരെയും ലഭിക്കുന്നപക്ഷം അടുത്തദിവസം അവനു തൊഴിലും ഉണ്ടാകുന്നതല്ലാ. ഇപ്രകാരമുള്ള അന്വേഷണംകൊണ്ടു് അതർഹിക്കുന്ന ഫലം സിദ്ധിക്കുന്നില്ലെന്നുമാത്രമല്ലാ അതിനെതിരായ ഫലങ്ങളുമാണു് ഉണ്ടായികൊണ്ടിരിക്കുന്നതു്. നേരെമറിച്ചു ലേബർകമ്മീഷണരാണു് ഈ അന്വേഷണം നടത്തുന്നതെങ്കിൽ സാധുക്കളായ തൊഴിലാളികൾക്കു് പ്രയോജനകരങ്ങളായ ഫലങ്ങൾ സിദ്ധി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമായിരുന്നു. നമ്മുടെ രാജ്യത്തു് ഒരു ഡിസ്പൂട്ടു് മജിസ്ട്രേട്ടു് മാത്രമെയുള്ളു. ഞായറാഴ്ചപോലും ജോലി ചെയ്തിട്ടും അദ്ദേഹത്തിന്റെ സാധാരണജോലികൾ എടുത്തു തീർക്കുവാൻ പ്രയാസപ്പെടുന്നുണ്ടെന്നാണു് എന്റെ അറിവു്. ട്രെയ്ഡ് യൂണിയൻ ആക്ടു് പ്രകാരം സംഘങ്ങൾ രജിസ്റ്റു് ചെയ്യേണ്ടതു ഇൻറസ്ട്രിയൽ ഡയറക്ടറാണു്. അവ രജിസ്റ്റു് ചെയ്തു കഴിഞ്ഞാൽ ആ സംഘങ്ങളുടെ പ്രവർത്തനങ്ങൾ, റിക്കാർട്ടുകൾ, കണക്കുകൾ മുതലായതു പരിശോധിക്കേണ്ടതുമതല അദ്ദേഹത്തിനുള്ളതാണു്. അദ്ദേഹത്തിനു കീഴുദ്യോഗസ്ഥൻമാർ തല്ലൽ മുതലുള്ള ചെറിയ ചെറിയ കയ്യൊഴിലുകൾ പരിശോധിച്ചു നിയന്ത്രിക്കേണ്ടതുമതലയും അദ്ദേഹത്തിനുണ്ടു്. ചില കമ്പനിതൊഴിലാളികളിൽ നിന്നു അയച്ചിരുന്ന ഏതാനും ആവലാതികൾ രണ്ടും രണ്ടരയും മാസംകഴിഞ്ഞിട്ടും അതർഹിക്കുന്നവിധം വേണ്ട അന്വേഷണങ്ങൾ ചെയ്തു പരിഹാരമുണ്ടാക്കുവാൻ അദ്ദേഹത്തിനു സൌകര്യം ലഭിച്ചിട്ടില്ലെന്നു എനിക്കറിയാം. അദ്ദേഹം അന്വേഷണം തുടങ്ങുവാൻ ആരംഭിക്കുന്നതിനു മുമ്പു് ആ സംഗതി കമ്പനിയും തൊഴിലാളികളും തമ്മിൽ യോജിപ്പിൽ വന്നു.

ഇപ്പോഴത്തെ സ്ട്രൈക്കുകളെ സംബന്ധിച്ചുഎനിക്കും അഭിപ്രായവ്യത്യാസമുണ്ടു്. സ്ഥാനത്തും അസ്ഥാനത്തും അനേകം തൊഴിൽ മുടക്കുകൾ നാട്ടിൽ ഉണ്ടാകുന്നുണ്ടു്. ഒരു ലേബർ കമ്മീഷണറെ നിയമിക്കുന്നപക്ഷം ഇവകളുപദ്രവങ്ങളിൽ നിന്നും ഏതാനും പേരെയെങ്കിലും രക്ഷിക്കുവാൻ കഴിയുമെന്നാണു എന്റെ അഭിപ്രായം. ഓരോ ഫാക്ടറിയിലും ഉള്ളതായി പറയുന്ന ആക്ഷേപങ്ങളെപ്പറ്റി അതാതു സമയം അന്വേഷിക്കുന്നതിന്റെ ഗുണദോഷങ്ങൾ അവരെ അറിയിക്കുവാനുള്ള സൌകര്യം ഇന്നില്ല. ഇന്നുള്ള തൊഴിൽ മുടക്കങ്ങളേപ്പറ്റി ജനങ്ങളുടെ ഇടയിലും പല തെറ്റിദ്ധാരണകളും ഉണ്ടാകുന്നു. തൊഴിലാളികൾ അവരുടെ തൊഴിൽമുടക്കിനു പറയുന്ന കാരണം ശരിയോ തെറ്റോ എന്നുള്ള സംഗതി അവരിൽ നിന്നല്ലാതെ പൊതുജനങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. അതുപ്പോലെ അന്വേഷിച്ചു സംഗതികളുടെ ശരവും അപ്പോൾ പൊതുജനങ്ങളെ മനസ്സിലാക്കേണ്ടതുമതലായ്മേണ്ടിനുണ്ടു്. എന്റെ പ്രമേയത്തിൽ പറയും പ്രകാരമുള്ള ഒരുദ്യോഗസ്ഥൻ കൂടാതെ ഈ സംഗതി നിർവ്വഹിക്കുവാൻ കഴിയുന്നതല്ല.

വൈകുന്നേരം തൊഴിലവസാനിപ്പിച്ചു കുടുംബത്തിൽ പോകുന്ന തൊഴിലാളികൾ രാവിലെ പതിവിൻപടി ജോലിക്കുവരുമ്പോൾ യാതൊരു കാരണവും കൂടാതെ അവന്നു ജോലിയില്ലെന്നു പറഞ്ഞയക്കുന്ന കമ്പനികളും ഇന്നിവിടെയുണ്ടു്. ഈ അനീതികളെ പരിഹരിക്കുവാനുള്ള നിയമങ്ങളുണ്ടെങ്കിൽ കൃത്യ സമയത്തു് അതു നടപ്പിൽ വരുത്തുവാനുള്ള കരുക്കൾ ഇപ്പോഴില്ല. ഈ ഡിപ്പാർട്ടുമെണ്ടു് ഇന്നുള്ള ഏതെങ്കിലും വകുപ്പിനോടുചേർത്തു ഒരു ജീവൽ ഡിപ്പാർട്ടുമെണ്ടാക്കാമെന്നുണ്ടെങ്കിൽ അതിനും ഞങ്ങൾക്കു വിരോധമില്ല. അധികൃത വകുപ്പു ഇതിനോടുവും പറ്റിയ ഒന്നാണെന്നു തോന്നുന്നു. അതിന്റെമേധാവി ജനസമ്മതനായ ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനും കൂടി ആയിരുന്നതുകൊണ്ടു ഒരു പുതിയ ഡിപ്പാർട്ടുമെണ്ടു് സൃഷ്ടിക്കുന്നതുവരെ അതിനെ എല്ലിക്കുന്നതു നന്നായിരിക്കുന്നതാണു്.

ഏതായാലും തൊഴിലാളികൾക്കു് ഒരു ഒറ്റ ഉദ്ദേശമെയുള്ളു. അവരുടെ ന്യായമായ അവകാശങ്ങളും ആവലാതികളും അറിയിക്കുവാനുള്ള ഒരു സ്ഥലം ഉണ്ടാകണം. ഇന്നും ഇല്ലെന്നല്ല ഞാൻ പറയുന്നതു്. അവരുടെ ആവലാതികൾ പറഞ്ഞാൽ അതിനു് ഉടനടി പരിഹാരം ഉണ്ടാകണം. പട്ടിണി കിട

LIBRARY ARCHIVES Kerala Legislative Assembly

ന്നും കാത്തുകിടന്നും പരിഹാര മുണ്ടാകുന്നതു വരെ രണ്ടും മൂന്നും മാസങ്ങളോളം കഴിക്കുവാൻ അവർക്കു സാധിക്കുകയില്ല. അങ്ങിനെ വരുമ്പോഴാണു സ്തംഭനവും മറ്റും ഉണ്ടാകുന്നതു. അതു വരാതെയിരിക്കുവാനുള്ള പോംവഴി കണ്ടുപിടിക്കുവാനുള്ള ചുമതല ബഹുമാനപ്പെട്ട ശവമ്മേണ്ടിനും ഈ സഭയിലെ മെമ്പർമാർക്കും ഉണ്ടു". ഇനി ഇവിടെ നടപ്പിലിരിക്കുന്ന നിയമങ്ങൾ തൊഴിലാളികളുടെ പ്രക്ഷോഭണം കൊണ്ടുണ്ടായിട്ടുള്ളതല്ലെന്നു് എനിക്കു ധൈര്യമായി പറയുവാൻ കഴിയും. കൊച്ചിയിലെ തൊഴിലാളികളുടെ പരിരക്ഷക്കു ശരിയായ യാതൊരു നിയമവും ഇല്ലെന്നുള്ളതു ശവമ്മേണ്ടിനു തോന്നിയതുകൊണ്ടാണു ഏതാനും നിയമങ്ങൾ ശവമ്മേണ്ടു ഇവിടെ നടപ്പിൽവരുത്തിട്ടുള്ളതു". തൊഴിലാളികളുടെ യാതൊരു പ്രാർത്ഥനയും കൂടാതെ സന്മനസ്സോടുകൂടിയാണു് ഈ വക നിയമങ്ങൾ ശവമ്മേണ്ടു നടപ്പാക്കീട്ടുള്ളതു". ആ നിയമങ്ങൾകൊണ്ടു ശവമ്മേണ്ടുദ്ദേശിക്കുന്ന പരിരക്ഷകൾ അവർക്കു് അനുഭവിക്കുവാനുള്ള സന്ദർഭം സൃഷ്ടിച്ചുകൊടുക്കണമെന്നാണു് എനിക്കു ശവമ്മേണ്ടിനോടപേക്ഷിക്കുവാനുള്ളതു". ഇതിൽ കൂടുതലായി ഇതിനെപ്പറ്റി സംസാരിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. ഈ നിയമത്തിന്റെശ്രേഷ്ഠവും ഈ നിയമസഭയിലെ എല്ലാസാമാജികന്മാർക്കും അറിയാവുന്നതുകൊണ്ടും, എന്റെ ശാരീരികമായ അനാരോഗ്യതകൊണ്ടും ഞാൻ കൂടുതലായി ഒന്നും പ്രസംഗിക്കുന്നില്ല. സാധുക്കളായ തൊഴിലാളികളെ ഓർത്തു ഇതു പാസ്സാക്കിത്തരണമെന്നു് അപേക്ഷിച്ചുകൊണ്ടു ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ: സർ, തൊഴിലാളികളുടെ കഷ്ടപ്പാടുകളൊക്കെ ആരും പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്ന ഒന്നാണു്. ബഹുമാനപ്പെട്ട തൊഴിലാളി മെമ്പർ തന്നെ പറഞ്ഞു ഇവിടെ ആരുടേയും അപേക്ഷ കൂടാതെ തന്നെ ശവമ്മേണ്ടു് തൊഴിലാളികൾക്കു വേണ്ട നിയമങ്ങൾ ഉണ്ടാക്കീട്ടുണ്ടു എന്നു്. എന്നാൽ എങ്ങിനെയൊ ലേബർ ഡിപ്പാർട്ടുമെണ്ടു എന്ന പേരിൽ ഒരു ഡിപ്പാർട്ടുമെണ്ടു ഇവിടെയുണ്ടായിട്ടുണ്ടു്. അതു അധികൃത സംരക്ഷണ വകുപ്പു ആരും അറിയാതെ തന്നെ ലേബർ ഡിപ്പാർട്ടുമെണ്ടായിരൂപാന്തരപ്പെടുകയാണുണ്ടായതു". എന്നാൽ ഈ ലേബർ ഡിപ്പാർട്ടുമെണ്ടിന്നു് തൊഴിലാളികളുടെ കാര്യങ്ങൾ അന്വേഷിക്കുവാനുള്ള പവ്വർ (Power) ഉണ്ടൊ എന്നാണു് ഞാൻ ചോദിക്കുന്നതു്. ലേബർ ഡിപ്പാർട്ടുമെണ്ടിൽ ഇപ്പോൾ ഒരു ലേബർ ഇൻസ്പെക്ടരും ഉണ്ടു". എന്നാൽ ഈ കാര്യത്തിൽ ആ ഡിപ്പാർട്ടുമെണ്ടിന്നു വേണ്ട അധികാരങ്ങൾ കൊടുത്തു അതിനെ ഒന്നു വിപുലപ്പെടുത്തിയാൽ പോരെ എന്നു് എനിക്കു ഒരു അഭിപ്രായമുണ്ടു്.

ഇന്നു് തൊഴിലാളി സ്തംഭനകൾ എവിടേയും ഉണ്ടു്. എന്നാൽ അതു് ഏതു കാരണത്താൽ വന്നു എന്നും അതിന്റെ അധികാരികൾ അറിഞ്ഞു എന്നു വന്നാലും അതു അന്വേഷിക്കുന്ന അധികാരികൾക്കു അതിന്റെ പരിപൂർണ്ണമായ സ്വഭാവം അറിയുവാൻ സാധിക്കുന്നില്ല എന്നുള്ളതാണു് എനിക്കു ഈ സഭയെ ബോധിപ്പിക്കുവാനുള്ളതു്. അതിന്നു വേണ്ടതരത്തിൽ അന്വേഷിക്കുവാനുള്ള സമയം ഇന്നവർക്കില്ല. ഇപ്പോൾ പല ഡിപ്പാർട്ടുമെണ്ടിലുമായിട്ടു നില്ക്കുന്ന അധികാരികളെയെല്ലാം കൂട്ടിയോജിപ്പിച്ചു ഒരു അധികാരിയുടെ കീഴിലാക്കിയാൽ അതു തൊഴിലാളികൾക്കു വളരെ ഉപകാരമായിരിക്കും.

ലേബർ ഡിപ്പാർട്ടുമെണ്ടു് എന്നു പറയുന്ന ഇപ്പോഴത്തെ അധികൃത ഡിപ്പാർട്ടുമെണ്ടു് ലേബർ ഡിപ്പാർട്ടുമെണ്ടാക്കിയാൽ അതും പോരായ്മ ഉണ്ടെന്നു വരുന്നതല്ല. അതുകൊണ്ടു് ശവമ്മേണ്ടിനു് വലിയ പണച്ചിലവും വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

തല്ല. ഇന്നത്തെ സംരക്ഷണ വകുപ്പു മന്ത്രി വിപുലപ്പെടുത്തി ഇപ്പോഴത്തെ ലേബർ ആഫ്പീസ്സർക്കു ഈ അധികാരങ്ങളുംകൂടി കൊടുത്താൽ ധാരാളം മതിയാകുന്നതാണ്". എന്നാൽ അധുനാതന സംരക്ഷണ വകുപ്പു സംരക്ഷണ വകുപ്പായിതന്നെ, ലേബർ വകുപ്പിന്റെ ഒരു ഉപവകുപ്പു ആയിട്ട, ഇരിക്കണം. അതിനുള്ള കാരണം അധുനാതനരുടെ സാമൂഹായിക താല്പര്യങ്ങൾകൂടി സംരക്ഷിക്കുവാനുണ്ട്". ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: Sir, on a point of information. "തൊഴിലാളി നിയമങ്ങളുടെ ശരിയായ നടത്തിപ്പിനും, തൊഴിൽ തർക്കങ്ങളെ ഉടനടി വിജയകരമായവിധം മദ്ധ്യസ്ഥതയിൽ കലാശിപ്പിയ്ക്കുന്നതിനും" എന്നു് ഈ പ്രമേയത്തിൽ പറഞ്ഞിട്ടുണ്ടു്. ഒരു വാക്കു് വിട്ടുന്നതായാൽ തൊഴിലാളി മുതലാളി ഇങ്ങിനെ രണ്ടു കക്ഷികളുണ്ടാവും. ഇരുകക്ഷികൾക്കും വിജയകരമായ വിധത്തിൽ കലാശിപ്പിയ്ക്കുവാൻ പ്രയാസമാണു്. ഈ "വിജയകരം" ആരെ സംബന്ധിച്ചാണെന്നു വ്യക്തമാകുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി: ബഹുമാനപ്പെട്ട മെമ്പർക്കു പറയുവാനുള്ളതു കേട്ടതിനുശേഷം അതിനെപ്പറ്റി മുഴുക്കു പറയുവാനുള്ള സമാധാനം പറഞ്ഞുകൊള്ളാം.

Mr. K. Kochukunhan Kaimal *(Vadakkancheri):* Sir, the resolution before the House consists of two parts, the earlier part is the objective which is sought to be aimed at in connection with the amelioration of the labour class and the later part deals with the method or procedure to be adopted in order to achieve that objective. I am certainly one with the hon'ble member so far as the earlier portion of the resolution is concerned. But I doubt very much whether the method suggested by this resolution will be as effective as is required in order to achieve the objective. In the first place, the earlier portion deals only with the labour class. What I want to emphasise is, a dispute can arise only between two parties and probably the fault may in some cases be on the one side and in some other cases, on the other side. We find in recent times a large number of disputes between the capitalists and the labour class and it is so very common that our labour laws had to be developed and improved in order to deal with the existing conditions. There are cases where we know disputes have arisen between the capitalists and the labourers in various places in recent times. We cannot say whether the labourers were justified in all cases of dispute while the capitalists were unreasonable in so far as their position was concerned. There may be some cases where the labourers may make unreasonable demands and may be guilty of other mis-conduct or of acts of violence while in some other cases, the capitalists are stinchy and may try to exploit the labourers in order to improve their own position. Certainly the labourers do require the help of the capitalists in order to get labour while the

LIBRARY ARCHIVES Kerala Legislative Assembly

capitalists also do require the help of the labourers to have their work done. So, each is dependent upon the other. The interests of both are conflicting and so in all cases it is likely that there will be conflicts of interests. It is not possible to say that the position of one party is correct in all cases while the position of the other is at fault. It is quite possible that there may be legitimate cases of complaint on either side and such matters have to be settled in order to suit the demands of both the parties. It is no doubt in the interests of the Government that harmonious relations exist between the capitalists and labourers and also to improve the position of the labourers, but not to wrong the capitalists. Such a state of relationship ought to be brought into existence between the two conflicting interests. It is also the duty of the Government to see that such objective is aimed at in order to avoid all cases of conflict and also to improve the conditions of labourers. The objective is certainly very desirable and the Government should make provisions in order to achieve this object. The question then is, whether the method proposed by the appointment of a labour officer will be quite sufficient to meet with this demand. I have very serious doubts whether a Government Officer will be in a position to settle this sort of conflicting disputes between the two parties. We have got some provisions in order to effect settlement between these parties, but I doubt whether, the existing provisions in the labour laws are quite adequate enough to give effective relief in cases of such conflicts. What I submit therefore is the appointment of an arbitration board. Disputes certainly require arbitration and not the help of one officer alone. My submission is that the constitution of an arbitration board which can deal with these matters effectively and in an impartial manner is absolutely necessary. The labour officer also may be necessary. But a full-time labour officer alone will not be able to solve these questions most impartially and effectively. A board consisting of persons, official and non-official with judicial experience who can in a scientific way investigate into the causes of dispute between the parties is necessary and such a board will be better competent to pass awards so as to bind all the parties to the dispute, so that when any dispute arises in a particular firm or mill between the owner of the mill and the labourers, there may be several causes both on the side of the owner as also the labourers. In each case, the causes of dispute may be different. No doubt, there may be some resemblances. So that it is absolutely necessary that the causes of difference between the parties ought to be investigated in a judicial manner and a decision arrived at after taking evidence in the matter and after making other inquiries. The Board should also be vested with powers to pass awards which must bind all the parties,

LIBRARY ARCHIVES Kerala Legislative Assembly

so that their decision may operate as a decision of a Civil Court. If such a decision is not accepted, there should be measures to deal with persons who disobey such decision. What I submit is that the appointment of a full-time labour officer may not be quite adequate enough to achieve the objective. To add to that an arbitration board consisting of officers with judicial experience and training may be appointed vested with powers to pass decisions binding upon the parties.

Mr. A. V. Moothedan *(Chalakkudi):* Sir, I have pleasure to support the resolution. The interests of the labourers are now controlled by the District Magistrate, the Police Commissioner and the Director of Industries. When there is no strike, the Police Commissioner has no place. The District Magistrate has always something to deal with. Under the Workmens' Compensation Act, he is the Commissioner and the work of the commissioner is exactly like the work of a Munsiff. There is no comparison between the work of a Magistrate and of the Commissioner. It is high time that this should be separated. What Mr. Kutty has suggested is the appointment of a labour commissioner and a few clerks to assist him.

So what I submit is, a labour commissioner may be appointed who must be a sympathetic officer with some judicial training. He should be the Commissioner under the Workmen's Compensation Act, he should be the Registrar of Trade Unions and he should have sympathy towards labour. At the same time, he need not be a revolutionary. With these few words, I have great pleasure in supporting the spirit of this resolution.

Mr. A. B. Salem *(Mattancheri):* Sir, much as I sympathise with this resolution, I am unable to support it as it stands. In the Madras Presidency, they have a labour commissioner for 24 districts and it is said, that some time he has not enough work. In Cochin which is only one-third of a single district in the Madras Presidency, he may not have and will not have, to my mind sufficient work. I therefore, do not think that it will be advisable or necessary to have a department and a labour officer. But all the objects, the mover has got are to be satisfied. For that I join my friend, the Hon'ble Member for Vadakkancheri that an arbitration board is an excellent suggestion. I would amplify by saying that on the arbitration board, either the Protector of Depressed classes or the District Magistrate should be a member. If a dispute arises between a firm or a single capitalist and workmen employed in the firm or under the capitalist, a member of that firm or somebody that may be nominated by that capitalist may be a second man on the board. The third man I would suggest would be a deligate of the labourers amidst

LIBRARY ARCHIVES Kerala Legislative Assembly

whom the dispute arises. The fourth man may be a member of this Council who is nominated for labour or who is elected for labour, if such a time comes. As far as the District Magistrate's work under the Workmens' Compensation Act is concerned, I am told, that during the year 1114 the number of cases that went up before him for adjudication is certainly not more than 10. I think it may be much less than that. To my knowledge about 6 cases came there. For 6 cases to have a particular officer for a whole year would be absolute luxury. It would be like the Federal Court of India. As far as the District Magistrate's file is also concerned, in a peace-abiding country like Cochin, his file is also very small. Therefore there is not much work involved. Here, the District Magistrate is a superior Judicial Officer. He is not an executive officer at all, because the executive and the Judicial functions have long ago been separated here. He will possess all the qualifications of a pucca judicial officer and a decision at his hands would be amply safeguarding the interests of labour. He is not an officer under the Workmens' Compensation Act, but he is nominated under the Rules. When there is too much work for him, some other officer may be appointed. But to have a full time officer for that purpose would be absolutely a luxury. What has this labour officer to do? Settle disputes, what else? A few Acts have been passed here. But up to this time, we have not got any occasion to act under many of these Acts. There is the Trade Union Act. How many trade unions have been registered here? Therefore what I suggest is, for the time being there will be no sufficient work for a full-time officer or a separate Department. The necessity has not been made out and therefore I am unable to support the resolution. Not that I have no sympathy with it, but I am unable to support the proposition for a full-time officer or a department.

മിസ്റ്റർ പി. ജെ. ജോജ്ജ് : ലേബർ ഡിപ്പാർട്ടുമെണ്ടു് ഒരു പ്രത്യേകഡിപ്പാർട്ടുമെണ്ടാക്കണമെന്നും അതിലേക്കു പ്രത്യേകം കുറെ ഉദ്യോഗസ്ഥന്മാരെ വെക്കണമെന്നുമുള്ളതാണു് ബഹുമാനപ്പെട്ട തൊഴിലാളിമെമ്പറുടെ പ്രമേയത്തിന്റെ താല്പര്യം. അങ്ങിനെ ചെയ്യുകയാണെങ്കിൽ പുതുതായി കുറേപേക്കുകൂടി ഉദ്യോഗം കിട്ടുമെന്നുള്ള ഒരു ഗുണം മാത്രമല്ലാതെ തൊഴിലാളികളുടെ കാര്യത്തിൽ കൂടുതൽ ഗുണകരമായിരിക്കുമെന്നു തോന്നുന്നില്ല. വർക്കുമെൻസു് കോമ്പൻസേഷൻ, ട്രെയിഡ്യൂണിയൻ, ട്രെയിഡ് ഡിസ്പ്യൂട്ടസ്, പേമെണ്ടു് ഓഫ് വെയ്ജസ്, മൈനേർസിന്റെ ബെനിഫിറ്റു്, ഫാക്ടറീസു് ഇവ ആക്ടുകളെല്ലാം ഇപ്പോൾ ശരിയായ നിലയിൽ പല വകുപ്പുദ്യോഗസ്ഥന്മാർ മുഖേന നടത്തിപ്പോരുന്നുണ്ടു്. ഒന്നിലധികം ഉദ്യോഗസ്ഥന്മാരാണു് ഇപ്പോൾ ഇതെല്ലാം നടത്തിക്കൊണ്ടിരിക്കുന്നതു്. ഇതുകൊണ്ടു വലിയ ദോഷങ്ങളൊന്നും ഉണ്ടാകുമെന്നില്ല. ഇങ്ങിനെ ഒന്നിലധികം ഉദ്യോഗസ്ഥന്മാർ നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ അധികാരങ്ങളും ഒരാളിൽ നിക്ഷേപിച്ചാൽ, അയാൾ തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലാളികൾക്കെതിരായി പ്രവർത്തിക്കുന്ന മനഃസ്ഥിതിയോടുകൂടിയ ആളായിവരുന്നപക്ഷം അവർക്കുള്ള സകല കാര്യങ്ങളിലും ഉപദ്രവമാണുണ്ടാകാനെളുപ്പമുള്ളതു്. ഇന്നത്തെ നിലയിൽ നോക്കുമ്പോൾ ഇതിൽ ഏതെങ്കിലും ഒരു വകുപ്പധ്യക്ഷന്റെ ആനുകൂല്യമില്ലെങ്കിൽതന്നെയും മറ്റു വകുപ്പുകളുടെ ആനുകൂല്യമുണ്ടാകുന്നപക്ഷം അതെല്ലാം തടസ്ഥം കൂടാതെ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുന്നതാണു്.

മിസ്റ്റർ വി. കെ. കുട്ടി : മുതലാളിമാരൊക്കെ തൊഴിലാളികളോടു സിമ്പതിയോടുകൂടി പെരുമാറുന്നുണ്ടെന്നാണു് പറയുന്നതെങ്കിൽ അതു ശരിയല്ല. മുതലാളിമാരിൽ വളരെപേർ അങ്ങിനെ പെരുമാറാത്തവരായി കാണപ്പെടുന്നുണ്ടു്. മുതലാളികളാണു് കമ്പനികളെല്ലാം സ്ഥാപിച്ചുനടത്തുന്നതു്. അവരിൽ ചിലർ വളരെ അധികം അനീതികളും ചെയ്യുന്നവരുമുണ്ടു്. അതിനെപ്പറ്റി അവരോടു് ചോദ്യം ചെയ്യുവാൻ ചുമതലയുള്ള ഒരാളും ഇന്നു് നമുക്കില്ല. അതുകൊണ്ടു് ഇതിലേക്കു് ഒരു ലേബർ ഓഫീസറെ നിയമിക്കുകയും അദ്ദേഹത്തിന്റെ പക്കൽ തൊഴിലാളികളെ എല്പിക്കുകയും ചെയ്യുന്നപക്ഷം അദ്ദേഹത്തിനു നിയമാനുസരണം ടി വിഷയത്തിൽ പ്രവൃത്തിക്കുവാൻ സാധിക്കുന്നതാണു്. അപ്പോൾ നിയമം മൂലം ന്യായമായ ഒരു സിമ്പതി മുതലാളിമാക്കും ഉണ്ടാകുന്നതാണു്.

മിസ്റ്റർ പി. ജെ. ജോജ്ജു് : ർ, ൽ ഓഫീസർമാരുണ്ടെങ്കിൽഎന്തുകൊണ്ടു് അവർക്കു് അവരവരുടെ ഭാഗങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ ശരിയായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ല ?

മിസ്റ്റർ വി. കെ. കുട്ടി : അതു സൌകര്യമായിട്ടുള്ളതാണെന്നു് എനിക്കഭിപ്രായമില്ല.

മിസ്റ്റർ പി. ജെ. ജോജ്ജു് : സൌകര്യമായിട്ടുള്ളതല്ലെന്നു പറയുന്നതിനു അർത്ഥമില്ല. അതുകൊണ്ടു് ഇപ്പോൾ ഇരിക്കുന്ന സ്ഥിതി വളരെ സുഖമായിട്ടുള്ള ഒന്നാണെന്നു വേണം കരുതുവാൻ. പിന്നെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി നോക്കുമ്പോൾ പല കാര്യങ്ങൾക്കും പണം പോരാതെയാണിരിക്കുന്നതു്. അങ്ങിനെയിരിക്കെ ഒരു ലേബർ ഡിപ്പാർട്ടുമെണ്ടും അതിലേക്കു കുറെ സിൽബന്ധികളെയും ഒക്കെ നിമ്മിക്കുന്നപക്ഷം സഞ്ചാരപ്പടിയായിട്ടും മറ്റു ചെലവുകളായിട്ടും മറ്റും ആ വിഷയത്തിൽ കുറെ അധികം പണം അനാവശ്യമായി ചിലവിടേണ്ടിവരും. മേൽവിവരിച്ച കാരണങ്ങളാൽ ഈ പ്രമേയത്തിൽ പറയുന്ന സംഗതി ഗവർമ്മെണ്ടിനു് സ്വീകരിക്കുവാൻ സാധിക്കുകയില്ല. ഇപ്പോൾ ലേബർ ഇൻസ്പെക്ടർ എന്ന പേരിൽതന്നെ ഒരു ഉദ്യോഗസ്ഥൻ ഉണ്ടു്. ഈ പ്രവൃത്തികളെല്ലാം ക്രമമായി നടത്തിക്കൊണ്ടുപോരുന്നുണ്ടു്. ഇതെല്ലാം നടത്തുവാൻ പല ഉദ്യോഗസ്ഥന്മാരുമുണ്ടു്. ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു്, ചീഫ് എഞ്ചിനീയർ, പ്രൊട്ടക്ടർ, ഇൻഡസ്ട്രിയൽ ഡയറക്ടർ ഇവരെല്ലാം ഈ നിയമങ്ങൾ ശരിയായി നടത്തിക്കൊണ്ടുപോരുന്നുണ്ടു്.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാസേട്ട് : ഈവക തക്കങ്ങൾ വരുമ്പോൾ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർക്കു് തൊഴിലാളിമെമ്പറോടു് ആലോചിച്ചു പ്രവർത്തിക്കുവാൻ വിരോധമുണ്ടോ ?

മിസ്റ്റർ പി. ജെ. ജോജ്ജ : വേണ്ടിവന്നാൽ അങ്ങിനെയും ചെയ്യും.

Mr. M. Sivarama Menon *(Ernakulam):* There is section 3 in the Trade Disputes Act. It is only, whether a separate officer

LIBRARY ARCHIVES Kerala Legislative Assembly

is necessary to look after the affairs of labour, that is really contained in this Resolution.

Mr. T. V. Subramania Ayyar *(Nemmara):* With regard to the Resolution that is now under discussion I wish to say a few words which I hope will clarify the issue. It is not in dispute that there may be necessity for arbitrators of labour disputes as well as other matters connected with labour and capital but the only actual prayer that is contained in the resolution is for the appointment of a special officer for that purpose. With regard to that particular portion I am afraid I cannot go with the mover and support the resolution. When there are officers under the Government who are entitled and are authorised by enactments to function for the purposes mentioned in the resolution, nothing is going to be gained by the appointment of another officer. Human nature being imperfect and what it is, it is too much to expect that that officer who is contemplated by this resolution to be appointed will be above all criticism and another resolution might be necessary for the purpose of ventilating the grievances against the work of labour disputes by that officer. The only thing to be considered is whether according to the law as at present administered there are great latches on the part of any of the officers, whether the interests of labour are actually suffering because of the delay in dealing with labour matters and whether the interest of labour will suffer if a new officer is not appointed. The mover of the resolution has not made out a case for the position that the administration of the State relating to labour at present is bad as to require an officer to be invested with the powers under the enactments pertaining to the subject. I do not wish to create the impression that we are against labour interests as it is or that we are against any creation of jobs if they are absolutely necessary. But as was well put and very forcibly put by the Joint Secretary to the Government the functions pertaining to labour have been allotted to the different heads of Departments and they are able to do it properly and I submit it is not a case which requires the creation of a new officer. It has to be conceded, as was pointed out by the Hon'ble Member for Mattancheri, Mr. A. B. Salem, that so far as Cochin is concerned we have not seen so many labour disputes as to necessitate the creation of a new appointment. So far as Cochin is concerned, it is only in certain particular areas, like Ernakulam, Trichur, Amballur and some other places that there are factories where so many workers are working and it is absolutely unnecessary for the Government to invest a full-time officer with powers for the purpose of settling disputes that may arise. It is a fine saying that a new job will try to justify its own existence and it is a well known

LIBRARY ARCHIVES Kerala Legislative Assembly

saying that if there are two many cooks, work will be found for all of them because if a new job is created rightly or wrongly the tendency will be to see that sufficient work is forthcoming for the continuance of that officer. That is what we really find. Whenever the question of the abolition of any post comes, vested interests step in and a hue and cry is raised. Instead of trying to settle labour disputes, we will be compelled to attempt to solve the problem as to how to choose between rival claims for the continuance or the discontinuance of a particular office and a new dispute over and above labour dispute will be created. I submit, there is absolutely no necessity for the creation of the new appointment as contemplated by this resolution. If in the course of the administraion of the enactments with regard to labour strong opinion is forthcoming that the administration is not proper or that there are definite charges against any particular officer, you can at that time take up the question and try to make amends by other methods than by the creation of a new job. It is also worthy of note that certain portions of labour enactments are now under the control of the Hon'ble Minister who is supposed to be the representative of the people functioning in this form of Government, so that the interests of labour will not suffer.

Dr. A. R. Menon *(Minister for Rural Development):* Let me take this opportunity to correct my friend. I am not in control of any Labour Department except that there is a Labour Inspector who is in the Protector's Department. I do not think he has anything to do with labour in a general way. If there is any labour trouble don't believe that I am the person responsible to look into it.

Mr. T. V. Subramania Ayyar *(Nemmara):* I am glad for the interruption and for the information supplied by the Hon'ble Minister that he has absolutely nothing to do with labour.

Dr. A. R. Menon *(Minister for Rural Development):* Except that there is a Labour Inspector attached to the Depressed Classes Department, I have no control. Suppose a strike breaks out. Suppose, there is a dispute between labour and capital, I have nothing to do with it. I am not expected to interfere in this matter.

Mr. M. K. Devassy *(Adur):* The Director of Industries and Commerce has something to do with labour.

Dr. A. R. Menon *(Minister for Rural Development):* Nobody has got a complete control over these things. A portion is done by the District Magistrate, a portion is under the Director of Industries and Commerce and a portion is done by the Inspector. There is no fixed arrangement which would enable us to step at the psycological moment.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. V. Subramania Ayyar *(Nemmara):* I understand that the Director of Industries and Commerce has some control. As the Hon'ble Minister is in charge of that Department, has he not got any control?

Dr. A. R. Menon *(Minister for Rural Development):* The Director is under the Minister in certain branches of his Department—cottage industries. In certain other branches he is not. I am only explaining the difficulties of the situation.

Mr. T. V. Subramania Ayyar *(Nemmara):* I am thankful for the information. I was under the impression that since the Director of Industries has some control over labour necessarily the Minister will also have some control. Now that I am informed that it is not so I do not wish to pursue any further.

Mr. P. Govinda Menon *(Mulakunnathukavu):* Subjects alone have been transferred and not Departmental Heads.

Mr. T. V. Subramania Ayyar *(Nemmara):* I am thankful for the information supplied by the Hon'ble Member for Mulakunnathukavu. I wish to state that a case has not been made out for the purpose of a new appointment because the operative portion of the resolution refers only to the appointment of a fresh officer which I hold is not necessary for the administration of the enactments pertaining to labour. I oppose this resolution and our party is not also supporting the resolution.

മിസ്റ്റർ വി. കെ. കുട്ടി: അങ്ങിനെയുള്ള സംഗതിയിൽ നിയമപരിധിക്കുള്ളിൽനിന്നുകൊണ്ട് നിയമത്തെ പാലിച്ചുകൊണ്ടുപോകാനുള്ള ഒരു മധ്യസ്ഥതവേണമെന്നാണ് ഈ ഭാഗത്തിന്റെ അർത്ഥം. അതിൽ വല്ല സംശയമുണ്ടെങ്കിൽ, ആശയം വിടാതെ എങ്ങിനെയെങ്കിലും വ്യത്യാസപ്പെടുത്താനും ഞാൻ ഒരുക്കമാണ്. അതു ദേഭപ്പെടുത്തുന്നതുകൊണ്ട് എന്റെ പ്രമേയത്തിനു ബുദ്ധിമുട്ടുണ്ടാകരുതു്.

മിസ്റ്റർ പുതൂർ. അച്യുതമേനോൻ: ഏതു ഭാഗം എടുത്തുകളയാമെന്നാണപറയുന്നതു.

മിസ്റ്റർ വി. കെ. കുട്ടി: "തൊഴിൽ തർക്കങ്ങളെ ഉടനടി വിജയകരമായവിധം മധ്യസ്ഥതയിൽ കലാശിപ്പിക്കുന്നതിനു" എന്ന ഭാഗം. എന്റെ ഉദ്ദേശം ഈ റസലൂഷൻ പാസ്സായാൽ ഒരു ലേബർ കമ്മീഷണരും ഒരു ഡിപ്പാർട്ടുമെന്റും ഉണ്ടാകണമെന്നുള്ളതാണു്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: ബഹുമാനപ്പെട്ട മെമ്പർ മാറാമെന്നു പറഞ്ഞമാത്രം മാറ്റിയിട്ടു ഈ റസലൂഷൻ വായിച്ചാൽ തരക്കേടില്ല.

മിസ്റ്റർ വി. കെ. കുട്ടി: ആവശ്യമുള്ള പക്ഷം മാറാം. എന്റെ റസലൂഷന്റെ ഉദ്ദേശം ഇത്രയേയുള്ളൂ.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇസ്സാസേട്ട്: ഉദ്ദേശം എന്താണെന്നുവെച്ചാൽ അതു പുറത്തുകാണിക്കാനാണു ആവശ്യപ്പെട്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കുട്ടി : സഭയുടെ അനുമതിയുണ്ടെങ്കിൽ ഈ റസല്യൂഷന്റെ ഉദ്ദേശത്തിൽനിന്നു വ്യതിചലിക്കാതെ മാറ്റിവേണ്ടതുചെയ്യാം. ആ ഒരു പ്രതിബന്ധംകൊണ്ടു ഈ പ്രമേയത്തെ എതിർക്കുന്നു. പിന്നെ മറ്റൊരു സംഗതി ഈ സഭയെ അറിയിക്കാനുള്ളതു് ഈ പ്രമേയം യാതൊരു ഖിന്നതയും കൂടാതെ അയച്ചിട്ടുള്ളതല്ലെന്ന സംഗതിയാണു്. കൊച്ചി രാജ്യത്തുള്ള തൊഴിലാളിസംഘങ്ങളിൽ വ്യവശതമാനവും നേരിട്ടും എഴുത്തുമൂലവും ആവശ്യപ്പെട്ടതുകൊണ്ടാണു് ഞാൻ ഇവിടെ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. കൊച്ചിയിൽ ഈ നിയമത്തിന്റെ ഫലം അനുഭവിക്കാനുള്ളവരുടെ ആവശ്യപ്രകാരം തന്നെയാണു് ഈ റസല്യൂഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്". ഇതിന്റെ പ്രായോഗിക വശങ്ങളെ കുറിച്ചു പല മാന്യ സാമാജികന്മാരും സംശയം പറയുകയുണ്ടായി. ഇന്നു പ്രതിബന്ധമില്ലാത്ത സംഗതികൾ ഏതാണുള്ളതു്? പ്രതിബന്ധമുണ്ടാക്കിയാൽ എല്ലാത്തിനും പ്രതിബന്ധമുണ്ടാകാം; ഇല്ലെങ്കിൽ ഒന്നുമില്ല. ബഹുമാനപ്പെട്ട അധ്യക്ഷത മെമ്പർ പറഞ്ഞ അഭിപ്രായത്തിൽ എനിക്കെതിരില്ല. തല്ക്കാലം പണമില്ലെങ്കിൽ അങ്ങിനെ ചെയ്യുകൊള്ളുന്നതിൽ എനിക്കു വിരോധമില്ല. അങ്ങിനെ ഗവർമ്മേണ്ടു ചെയ്യാൻ ഭാവമുണ്ടെങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ഇപ്പോഴത്തെ പ്രൊട്ടക്ടരുടെ കീഴിൽ ഈ ഡിപ്പാർട്ടുമെണ്ടും കൂടിവിട്ടുകൊടുത്താൽ അദ്ദേഹം അതുകൂടി ചെയ്യുകൊള്ളും. അദ്ദേഹം നല്ലൊരുദ്യോഗസ്ഥനാണു്. ജൂഡീഷ്യൽ ഡിപ്പാർട്ടുമെണ്ടിൽ ഇരുന്നു് പരിചയമുള്ള ആളുമാണു്. ഇതു പറയുന്നതു് ആരുടേയും വക്കാലത്തു പിടിച്ചുകൊണ്ടല്ല. സാധുക്കളായ തൊഴിലാളികളുടെ അവശതകളെപ്പറ്റി കേൾക്കുവാൻ ഉത്തരവാദമുള്ള ഒരു സ്ഥാപനം ഉണ്ടാകണം എന്നുള്ളതാണു് എന്റെ ഉദ്ദേശം. പണത്തിന്റെ ബുദ്ധിമുട്ട ഇക്കാര്യത്തിൽ ഗവർമ്മേണ്ടു പറയരുതെന്നു ഞാൻ അപേക്ഷിക്കുന്നു. ടാക്സു് വർദ്ധിപ്പിക്കണമെന്നുള്ള ആലോചന വന്നപ്പോൾ ഞാൻ ആക്ഷേപത്തിൽ എതിർനിന്നിട്ടില്ല. ഏതെല്ലാംവിധത്തിൽ ടാക്സു് പിരിച്ചാലും തരക്കേടില്ല, പണമില്ലെന്നുപറഞ്ഞു് ഇതിനെ ഏതുക്കരുതു്. പണത്തെ സംബന്ധിച്ചുള്ള സമാധാനം അതു ശരിയല്ല. അതു ഗവർമ്മേണ്ടിനു പോരായ്മയാണു്. ഇനി കൂടുതൽ സമയമെടുത്തു ഈ സഭയെ ഞാൻ ബുദ്ധിമുട്ടിക്കുന്നില്ല. മൻപു്, ഞാൻ പറഞ്ഞപ്രകാരം തൊഴിലാളികളുടെ ആവശ്യപ്രകാരം കൊണ്ടുവന്നിട്ടുള്ളതാണു് ഈ പ്രമേയം. അവരോടു ഉത്തരവാദപ്പെട്ട ബഹുമാനപ്പെട്ടമെമ്പർമാരുടെയും ഗവർമ്മേണ്ടിന്റേയും ദൃഷ്ടിയിൽ പെടുത്തിയിരിക്കുന്നു. ഇതിനെ പാസ്സാക്കേണ്ടതു മുതലല്ല അവർക്കുള്ളതാണു്. അവർ അവരുടെ മനസ്ഥിതിക്കനുസരിച്ചു പ്രവൃത്തിക്കുമെന്നുള്ള ബോദ്ധ്യത്തോടുകൂടി ഞാൻ ഈ പ്രമേയം പ്രസ്സു്ചെയ്യുന്നു.

Resolution put and lost

4. Abolition of special communal electorates

Mr. A. V. Moothedan *(Chalakkudi):* The resolution that stands in my name reads thus.—"*This Council recommends to Government that the present system of special communal electorates should be abolished and a system of reservation of seats to those communities in the general constituencies should be substituted: Provided that a candidate who secures more than half the votes of his community shall be declared elected. When there is no such*

LIBRARY ARCHIVES Kerala Legislative Assembly